താലൂക്കാശുപത്രി

44(742) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര താലൂക്കാശുപത്രിയുടെ വികസനത്തിനായി നടത്തിയ പ്രവൃത്തികളും അതിനായി ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് യൂണിറ്റ് അടിയന്തരമായി പ്രവർത്തനം ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. ഡി അഡിക്ഷൻ സെന്റർ സിവിൽ വർക്കിനായി പ്ലാൻ ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ചു.

2. വാർഡ് കെട്ടിടത്തിനായി കോർട്ട് അലോട്ട് ഫണ്ടിൽ 65 ലക്ഷം രൂപ അനുവദിച്ചു.

3. ട്രോമാകെയർ കെട്ടിടത്തിനായി വേൾഡ് ബാങ്ക് & കെ.എസ്.റ്റി.പി. വഴി 2.3 കോടി രൂപ അനുവദിച്ചു.

4. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ട്രോമാകെയർ കെട്ടിടത്തിൽ സർജിക്കൽ വാർഡ് കെട്ടുന്നതിനുവേണ്ടി 2.01 കോടി രൂപ അനുവദിച്ചു.

5. ആശുപത്രി കോംപൗണ്ട് മതിൽ കെട്ടുന്നതിനായി 1.05 കോടി രൂപ അനുവദിച്ചു.

6. പഴയ കെട്ടിടം പുതുക്കി പണിയുന്നതിലേക്കായി 90 ലക്ഷം രൂപ അനുവദിച്ചു.

7. മെഡിക്കൽ ഐ.സി.യു.-വിന് വേണ്ടി എം.പി. ഫണ്ടിൽനിന്നും 17 ലക്ഷം രൂപ അനുവദിച്ചു.

(ബി) സർക്കാരിന്റെ 5-2-2013-ലെ സ.ഉ(സാധാ)നമ്പർ 114/2013/നികുതി വകുപ്പ് പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എം.എസ്.സി.എൽ. മുഖേന നികുതി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly